**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329** **27-10-2021 - ൽ മറുപടിയ്ക്ക്**

**മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ച നയം വിശദമാക്കുമോ; | (എ) | കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | മദ്യോപയോഗം വർദ്ധിച്ചുവരുകയും ലോക്ഡൗൺ കാലഘട്ടത്തിലുൾപ്പെടെ മദ്യ വിപണനത്തിൽ നിന്നുള്ള വരുമാനം വർദ്ധിച്ചുവരുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2020 മാർച്ച് മാസം കോവിഡ് 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ച ശേഷം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ച മദ്യത്തിന്റെ കണക്ക് പരിശോധിച്ചാൽ മദ്യ വില്പനയിൽ കുറവുള്ളതായി കാണുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷം 205.41 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും, 150.13 ലക്ഷം കെയ്സ് ബിയറും വിറ്റിരുന്ന സ്ഥാനത്ത് ആ സർക്കാരിന്റെ അവസാന വർഷമായ 2020-21 സാമ്പത്തിക വർഷത്തിൽ 187.22 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും 72.40 ലക്ഷം കെയ്സ് ബിയറും ആണ് വില്പന നടത്തിയിട്ടുള്ളത്. ഇതിൽ നിന്നും കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. മദ്യവില്പനയിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനം മദ്യത്തിന്മേൽ ചുമത്തുന്ന നികുതിയേയും വിലയെയും അടിസ്ഥാനപ്പെടുത്തിയാണ്. നികുതി വർദ്ധിക്കുന്നതിനനുസരിച്ച് വരുമാനം വർദ്ധിക്കും. വരുമാനം വർദ്ധിക്കുന്നത് മദ്യ ഉപഭോഗം കൂടുന്നതുകൊണ്ട് മാത്രമല്ല. മദ്യ ഉപഭോഗം കുറയുന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിലും നികുതി വർദ്ധിക്കുന്നത് വരുമാന വർദ്ധനവിന് ഇടയാക്കും. |
| (സി) | മദ്യ വിതരണ കേന്ദ്രങ്ങളുടെ എണ്ണം കുറച്ച് മദ്യ ഉപഭോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | (സി) | മദ്യ ശാലകൾ പൂട്ടുന്നതുകൊണ്ട് മദ്യ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല. കേരള സംസ്ഥാനത്ത് പുതുതായി വിദേശ ചില്ലറ വില്പന മദ്യഷാപ്പുകൾക്ക് ഈ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ ടൂറിസം പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാരിന്റെ നിലവിലെ നയം അനുസരിച്ച് 3 സ്റ്റാറും അതിനുമുകളിലേക്കുമുള്ള ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് നൽകുന്നുണ്ട്. മദ്യ നിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാരിന്റെ നയം. ജനങ്ങൾക്കിടയിൽ വിമുക്തി മിഷൻ മുഖേന നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനത്തിലൂടെയും മദ്യത്തിനടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സ നൽകിയും മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ